ഹരിതകേരളം മിഷൻ
കേരള സർക്കാർ

19.04.2020

പത്രക്കുറിപ്പ്

# ജലസംരക്ഷണം വീട്ടിലും നാട്ടിലും
## ഹരിതകേരളം മിഷൻ ഫേസ്ബുക്ക് ലൈവ് സംഘടിപ്പിക്കുന്നു

വീട്ടിലും നാട്ടിലും അനുവർത്തിക്കേണ്ട ജലസംരക്ഷണ മാർഗ്ഗങ്ങളെ വിഷയമാക്കി ഹരിതകേരളം മിഷൻ ഫേസ്ബുക്ക് ലൈവ് സംഘടിപ്പിക്കുന്നു. ജലമേഖലയിലെ വിവിധ വകുപ്പുകളിലെയും ഹരിതകേരളം മിഷനിലെ ജലഉപമിഷനിലെയും വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ഏപ്രിൽ 20 തിങ്കളാഴ്ച വൈകുന്നേരം 3 മുതൽ 4.30 വരെയാണ് ലൈവ് പരിപാടി. വീടുകളിലെ ജല ബജറ്റിംഗ്, കോവിഡ് കാലവും വേനൽ കാലവും മുൻ നിർത്തിയുള്ള മിത ജലവിനിയോഗം, നദീ പുനരുജ്ജീവനം, നീർച്ചാലുകളുടെ വീണ്ടെടുപ്പ് തുടങ്ങി ജലസംരക്ഷണ മേഖലയിലെ വിശദമായ സംശയ നിവാരണം ലൈവിൽ പങ്കെടുക്കുന്ന വിദഗ്ധർ നൽകും. facebook.com/harithakeralamission പേജ് സന്ദർശിച്ച് ലൈവ് കാണാവുന്നതാണ്. സംസ്ഥാനത്ത് ജലസംരക്ഷണം ലക്ഷ്യമിട്ട് വിവിധ പരിപാടികൾ ഹരിതകേരളം മിഷൻ ആവിഷ്കരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിച്ചു വരികയാണ്. ജലം പാഴാക്കാതെ മിതമായി ഉപയോഗിക്കാനും പുതിയൊരു ജലവിനിയോഗ സംസ്കാരം രൂപപ്പെടുത്തുവാനുമാണ് ഹരിതകേരളം മിഷൻ ശ്രമിക്കുന്നത്. ഇവയുടെ ഭാഗമായാണ് ഫേസ്ബുക്ക് ലൈവ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നതെന്ന് ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ അറിയിച്ചു.

**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഹരിതകേരളം മിഷൻ**

 റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in